**കേരള സർക്കാർ**

**സംഗ്രഹം**

പൊ.വി.വ-മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് - ഉത്തരവാകുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (എം.എസ്) നം.83/2018/പൊവിവ തിരുവനന്തപുരം,തീയതി 12/06/2018**

പരാമർശം:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12-01-2018-ലെ എച്ച്2/74897/2017/DPI നമ്പർ കത്ത്.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12-02-2018 ലെ എച്ച്2/81772/2017/DPI നമ്പർ കത്ത്

**ഉത്തരവ്**

"അൺ ഇക്കണോമിക്ക് സ്കൂളുകൾ" എന്നറിയപ്പെട്ടുവന്നിരുന്ന സംസ്ഥാനത്തെ സ്കൂളുകളിലെ നിയമനം, നിയമനാംഗീകാരം, സ്ഥലംമാറ്റം തുടങ്ങിയ വിഷയങ്ങളിൽ നിലവിലിരിക്കുന്ന ഉത്തരവുകളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം പ്രകാരം ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു:-

1. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂളുകളിൽ ഒരു സ്റ്റാൻഡേർഡിലെ ശരാശരി കുട്ടികളുടെ ചുരുങ്ങിയ എണ്ണം ഇനിമുതൽ 15 ആയി നിജപ്പെടുത്തിയിരിക്കുന്നു. ഒരു സ്റ്റാൻഡേർഡിലെ ശരാശരി കുട്ടികളുടെ എണ്ണം 15-ൽ കുറവല്ലെങ്കിൽ പ്രസ്തുത സ്കൂളിൽ മതിയായ എണ്ണം കുട്ടികൾ ഉണ്ടെന്നു കണക്കാക്കാം. ഇത്തരം വിദ്യാലയങ്ങളിലേക്കുള്ള നിയമനങ്ങൾ മാനേജർക്ക് കെ.ഇ.ആറിലെ വ്യവസ്ഥകൾക്കു വിധേയമായി നടത്താവുന്നതാണ്. ഇതു സംബന്ധിച്ച കെ.ഇ.ആർ ഭേദഗതി പിന്നീട് പുറപ്പെടുവിക്കുന്നതാണ്.
2. സംസ്ഥാനത്തെ ഒരു വിദ്യാലയത്തിനും ഇനി മുതൽ "അൺഇക്കണോമിക് (അനാദായകരം)" എന്ന വിശേഷണം നൽകരുത്. വിദ്യാഭ്യാസ ഓഫീസർമാർ നടത്തുന്ന കത്തിടപാടുകളിലും റിപ്പോർട്ടുകളിലുമൊന്നും ഇനി മുതൽ പ്രസ്തുത പദം ഉപയോഗിക്കരുത്. പകരം, ഒരു ക്ലാസ്സിൽ ശരാശരി 15-ൽ കുറവാണ് കുട്ടികളുടെ എണ്ണമെങ്കിൽ അത്തരം വിദ്യാലയം ഇനിമുതൽ "മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയം" എന്നറിയപ്പെടുന്നതാണ്.
3. ഒരു ക്ലാസ്സിൽ ശരാശരി 15-ൽ കുറവ് കുട്ടികളുള്ള വിദ്യാലയങ്ങളിൽ താഴെപറയുന്ന നിബന്ധനകൾക്കനുസൃതമായി നിയമനങ്ങൾ നടത്താവുന്നതാണ്:-

   I. പ്രഥമാദ്ധ്യാപക തസ്തികയിലേക്ക് പ്രൊമോഷൻ നിയമനം നടത്താവുന്നതാണ്.

   II. കുട്ടികളുടെ ക്ലാസ് ശരാശരി പതിനഞ്ചോ അതിൽ കൂടുതലോ ഉള്ള ഒരു വിദ്യാലയത്തിലും ഒഴിവു ലഭ്യമല്ലെങ്കിൽ അതേ മാനേജ്മെന്റിലെ തസ്തിക നഷ്ടമായ സംരക്ഷിതാദ്ധ്യാപകരെ/ റിട്രഞ്ച്ഡ് അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. ഇതുസംബന്ധമായ ഒരു സത്യപ്രസ്താവന പൊതുവിദ്യാഭ്യാസ ഡയറക്ടർ നിഷ്കർഷിക്കുന്ന പ്രൊഫോർമയിൽ മാനേജർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നല്കേണ്ടതാണ്.

   III. ഇത്തരം വിദ്യാലയങ്ങളിലെ പുതിയ നിയമനങ്ങളെല്ലാം ദിനവേതനാടിസ്ഥാനത്തിൽ മാത്രമായിരിക്കും. 51 B അവകാശികളുടെ നിയമനവും പുതിയ നിയമനമായി കണക്കാക്കി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം നല്കാവുന്നതാണ്.

   IV. ഇത്തരം വിദ്യാലയങ്ങളിൽ നിന്ന് മതിയായ എണ്ണം കുട്ടികളുള്ള സ്കൂളിലേയ്ക്ക് സ്ഥലംമാറ്റം നടത്താവുന്നതാണ്.

V. മതിയായ എണ്ണം കുട്ടികളുള്ള സ്കൂളിൽ നിന്ന് ഇത്തരം വിദ്യാലയങ്ങളിലേക്ക് സ്ഥലംമാറ്റം അനുവദനീയമല്ല.

VI. ഒരേ മാനേജ്മെന്റിന്റെ കീഴിലുള്ള മതിയായ എണ്ണം കുട്ടികളില്ലാത്ത ഒന്നിലധികം വിദ്യാലയ-ങ്ങൾക്കിടയ്ക്കുള്ള സ്ഥലംമാറ്റം നടത്താവുന്നതാണ്.

മേൽ പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾക്ക് 2018 – 19 അധ്യയന വർഷാരംഭം മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എച്ച്. നജീബ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം,
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വെബ് & ന്യൂമീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ ക്ക്.